(ബി) ഈ ഇനത്തിൽ ഇതുവരെ കേന്ദ്ര സർക്കാർ എന്തു തുക ചെലവഴിച്ചു;

(സി) സടക് യോജന പദ്ധതിയിൽപ്പെടുത്തി ഏറ്റെടുത്തിട്ടുള്ള റോഡുകളുടെ പണി എപ്രകാരമാണ് നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിനകം എത്ര റോഡുകളുടെ പണിയാണ് ഏറ്റെടുത്തിട്ടുള്ളതെന്നും അവയിൽ എത്ര എണ്ണം പൂർത്തിയാക്കിയിട്ടുണ്ടെന്നും പറയാമോ?

ഉത്തരം

(എ) പ്രധാനമന്ത്രിയുടെ ഗ്രാമ സടക് യോജന പദ്ധതി പ്രകാരം 2000-2001-ൽ 4 പദ്ധതികളും, 2001-2002-ൽ 37 പദ്ധതികളും, 2003-2004-ൽ 14 പദ്ധതികളും ഏറ്റെടുത്തിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ഈ പദ്ധതികൾക്കായി കേന്ദ്രസർക്കാരിൽ നിന്നും 6917 ലക്ഷം രൂപ ഇതേവരെ അനുവദിച്ചിട്ടുണ്ട്. ഇതിൽ ഇതുവരെ 4883.53 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഏറ്റെടുത്തിട്ടുള്ള റോഡുകളുടെ പണി പാക്കേജുകളായി ജില്ലാ ഗ്രാമ വികസന ഏജൻസികൾ മുഖാന്തിരം ടെന്റർ നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ടാണ് നടപ്പാക്കുന്നത്.

(ഡി) മൂന്ന് ഘട്ടങ്ങളിലായി 270 ഗ്രാമീണ റോഡുകളുടെ നിർമ്മാണമാണ് ഏറ്റെടുത്തത്. അതിൽ 114 എണ്ണത്തിന്റെ പണികൾ ഇതേവരെ പൂർത്തിയായിട്ടുണ്ട്.

അഹാഡ്സ് പദ്ധതി

211 [2704] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഹാഡ്സ് പദ്ധതി എന്നുമുതൽ നടപ്പിലാക്കി തുടങ്ങിയെന്നും പദ്ധതി അടങ്കൽ തുക എത്രയെന്നും വിശദമാക്കുമോ;

(ബി) പദ്ധതി തുടങ്ങിയശേഷമുള്ള ഓരോ വർഷവും എന്ത് തുകവീതം ചെലവഴിക്കേണ്ടിയിരുന്നുവെന്നും എന്തുതുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ജപ്പാനീസ് സഹായമായി ഇതുവരെ എന്തു തുക ലഭിച്ചുവെന്നും ബാക്കി എന്ത് തുക കൂടി ലഭിക്കുവാനുണ്ടെന്നും വ്യക്തമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പദ്ധതി നടത്തിപ്പിൽ കാലതാമസം ഉണ്ടാവുന്നുവെന്ന പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരാതി ആരുടേതാണെന്നും അതിന്മേൽ എന്തെല്ലാം പരിഹാര നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കുമോ?

ഉത്തരം

(എ) അഹാഡ്സ് പദ്ധതി 1996 ജനുവരി 25-ന് നിലവിൽ വന്നു. എന്നാൽ ഫീൽഡ് തലത്തിൽ പ്രവർത്തനങ്ങൾ 2000 ഏപ്രിൽ 22-ന് ആരംഭിച്ചു. 219.31 കോടി രൂപയാണ് ഈ പദ്ധതിയുടെ അടങ്കൽ തുക.

(ബി)

വർഷം	1996-97	1997-98	1998-99	1999-2000	2000-01	2001-02	2002-03	2003-04
ബഡ്ജറ്റ് തുക (ലക്ഷത്തിൽ)	523	390	1500	1500	1500	1743	3300	5721
ചെലവഴിച്ച തുക (ലക്ഷത്തിൽ)	56.72	56.08	68.2	473.04	584.47	758.35	1104.80	1363.33

(സി) ജപ്പാൻ സർക്കാരിൽനിന്നും റീ ഇംപേഴ്സ്മെന്റ് ആയി ഇതുവരെ 3482.86 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ബാക്കി കിട്ടാനുള്ളത് 386.83 ലക്ഷം രൂപയാണ്.

(ഡി) പദ്ധതി നടത്തിപ്പിന്റെ കാലതാമസത്തെക്കുറിച്ച് ശ്രീ. കളത്തിൽ അബ്ദുള്ള എം. എൽ. എ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നിവേദനം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പദ്ധതി അവലോകനം ചെയ്യുന്നതിനും കാലതാമസം ഉണ്ടെങ്കിൽ അതിന്റെ കാരണം കണ്ടെത്തി അതിനുള്ള പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ മാനേജ്മെന്റ് ആനന്ദ് (ഐ.ആർ.എം.എ.) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഏജൻസിയുടെ റിപ്പോർട്ട് 2004 ആഗസ്റ്റിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

അഹാഡ്സിന്റെ പ്രവർത്തനം

212 [2705] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുടി നൽകുമോ:

(എ) അട്ടപ്പാടി ഹിൽസ് ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റി ആദിവാസി ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly